"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിജിലൻസ് വകുപ്പ്- പെരിന്തൽമണ്ണ സബ് രജിസ്ട്രാർ ഓഫീസിൽ വി.എ.സി.ബി. മലപ്പുറം യൂണിറ്റ് നടത്തിയ മിന്നൽ പരിശോധനയെ തുടർന്ന് നടത്തിയ പ്രാഥമികാന്വേഷണം- സബ് രജിസ്ട്രാർ ശ്രീമതി സാലിഹയ്ക്കെതിരെയുള്ള അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഔപചാരികാന്വേഷണം നടത്തുന്നതിന് കോഴിക്കോട് വിജിലൻസ് ട്രിബ്യൂണലിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

**വിജിലൻസ് (എ) വകുപ്പ്**

സ.ഉ.(കൈ) നം.1/2026/VIG തീയതി,തിരുവനന്തപുരം, 03-01-2026

പരാമർശം:-
1. വിജിലൻസ് ഡയറക്ടറുടെ 30.09.2022-ലെ ഇ15-(എസ്.സി.60/2021/എം.പി.എം)23357/22 നമ്പർ കത്ത്.
2. 16-01-2023 ലെ വിജി-എ2/331/2022-വിജി നം സർക്കാർ കത്ത്.
3. 10.10.2023 തീയതിയിലെ സ.ഉ(സാധാ)നം.716/2023/നി.വ
4. വിജിലൻസ് ഡയറക്ടറുടെ 08.07.2024-ലെ ഇ15-(പി.ഇ-30/2022/എം.പി.എം)23357/2022/DVACB നമ്പർ കത്ത്.
5. 10.02.2025 തീയതിയിലെ വിജി-എ2/331/2022-വിജി നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും.
6. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 21.08.2025 ലെ IGR/1183/2025-ഇ7 നമ്പർ കത്ത് മുഖേന ലഭ്യമായ ശ്രീമതി. സാലിഹ എസ്-ന്റെ എതിർവാദ പത്രിക.

**ഉത്തരവ്**

സംസ്ഥാന വ്യാപക മിന്നൽ പരിശോധന, "ഓപ്പറേഷൻ സത്യ ഉജാലയുടെ ഭാഗമായി പെരിന്തൽമണ്ണ സബ് രജിസ്ട്രാർ ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ (വി.എ.സി.ബി.) മലപ്പുറം യൂണിറ്റ് 11/11/2021 ന് നടത്തിയ മിന്നൽ പരിശോധനയിൽ ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

**2. മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ.**

*1) പെരിന്തൽമണ്ണ സബ് രജിസ്ട്രാർ ശ്രീമതി. എസ്. സാലിഹ എന്നവരുടെ ഓൺലൈൻ അക്കൗണ്ടിലേക്ക് തുടർച്ചയായി 10,000/-രൂപയിൽ താഴെയുള്ള തുകകൾ*

*ആധാരമെഴുത്തുജോലിയുമായി ബന്ധപ്പെട്ടവരുടെ പക്കൽ നിന്നും വന്നിട്ടുള്ളതായി കാണുന്നുണ്ട്. ശ്രീ. ശങ്കരൻ എന്ന ഡോക്യുമെന്റ് റൈറ്റർ ഗൂഗിൾ പേ വഴി 1000/-രൂപ, 500/-രൂപ, 1500/-രൂപ എന്നിങ്ങനെ ശ്രീമതി സാലിഹയുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു.*

*2) മൂവ്മെന്റ് രജിസ്റ്റർ, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ സർട്ടിഫിക്കേഷനും പേജ് നമ്പരും കൂടാതെയാണ് പരിപാലിച്ചുവരുന്നത്. കൂടാതെ മൂവ്മെന്റ് രജിസ്റ്ററിൽ 19/11/2019 തീയതിക്കു ശേഷം പുറത്തുപോയതിന്റെ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ലാത്തതുമാണ്.*

*3) ആധാരമെഴുത്തുകാർ മുഖാന്തിരം രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങൾ ആധാരമെഴുത്തുകാർ എഴുത്തുകൂലിയായി ഡോക്യുമെന്റ് റൈറ്റർമാർ വാങ്ങിയ ക്യാഷിന്റെ രശീതി സബ് രജിസ്ട്രാർ പരിശോധിച്ച മാത്രമേ രജിസ്ട്രേഷൻ നടത്താവൂ എന്ന മാനദണ്ഡം ലംഘിച്ച് 6 ആധാരങ്ങൾ രജിസ്റ്റർ ചെയ്തതായി കാണപ്പെട്ടിട്ടുള്ളതാണ്.*

*4) 4228/21 നമ്പർ ആധാരത്തിലെ ഫോം-1 ബിയിൽ ഉൾപ്പെട്ട കെട്ടിടത്തിന്റെ വിസ്തീർണം പരിശോധിച്ചതിൽ വ്യത്യാസം കാണപ്പെട്ടിട്ടുള്ളതാണ്.*

3. മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ 1, 4 അപാകതകൾ സംബന്ധിച്ച ഒരു പ്രാഥമിക അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചതായി അറിയിച്ചുകൊണ്ടും, കണ്ടെത്തിയ 2, 3 അപാകതകൾക്ക് ഉത്തരവാദിയായ സബ് രജിസ്ട്രാർ ശ്രീമതി സാലിഹ എന്നവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും നാലാം അപാകതയിൽ സർക്കാരിനുണ്ടായ നഷ്ടം കെട്ടിട ഉടമയിൽ നിന്നും തിരിച്ചുപിടിക്കുന്നതിനും ശിപാർശ ചെയ്തും, വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് ഡയറക്ടറുടെ ശിപാർശ പ്രകാരം വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനു നിർദ്ദേശം നൽകി റിപ്പോർട്ടിന്റെ പകർപ്പ് പരാമർശം (2) പ്രകാരം ഭരണ വകുപ്പിന് കൈമാറിയിരുന്നു. ശ്രീമതി സാലിഹയ്ക്കെതിരെയുള്ള അച്ചടക്കനടപടി ഭരണ വകുപ്പ് പരാമർശം (3) പ്രകാരം "സെൻഷർ "നൽകി തീർപ്പാക്കുകയും ചെയ്തിരുന്നു.

4. തുടർന്ന്, മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേട് ഒന്നും രണ്ടും സംബന്ധിച്ച് ശ്രീമതി സാലിഹയ്ക്കെതിരെ നടന്നുവന്നിരുന്ന പ്രാഥമിക അന്വേഷണം പൂർത്തിയാക്കി പരാമർശം (4) പ്രകാരം ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ, കെട്ടിടത്തിന്റെ വിസ്തീർണം കണക്കാക്കുന്നത് സ്വകാര്യ എൻജിനീയർമാർ ആണെന്നും പ്രസ്തുത കാര്യത്തിൽ സബ്‌രജിസ്ട്രാർക്കും മറ്റു ജീവനക്കാർക്കുമുള്ള പങ്ക് അന്വേഷണത്തിൽ വെളിവായിട്ടില്ലെന്നും എന്നാൽ സാഹചര്യത്തെളിവുകൾ വച്ച് ആധാരമെഴുത്തുകാർ പണം ശേഖരിച്ച ഗൂഗിൾ പേ വഴിയും നേരിട്ടും ശ്രീമതി സാലിഹയ്ക്ക് കൈക്കൂലി നൽകി വന്നിരുന്നതായി വെളിപ്പെട്ടിട്ടുള്ളതായും റിപ്പോർട്ട് ചെയ്തു.

5. പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സാലിഹയ്ക്കെതിരെ കഠിനശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി കൈക്കൊള്ളുവാൻ തീരുമാനിക്കുകയും അപ്രകാരം

താഴെപ്പറയുന്ന കുറ്റം ചുമത്തി പരാമർശം (5) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു.

6. <u>സബ് രജിസ്ട്രാർ ശ്രീമതി സാലിഹയ്ക്കെതിരെയുള്ള കുറ്റങ്ങൾ.</u>

*താങ്കൾ 2021 വർഷത്തിൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ സബ് രജിസ്ട്രാർ ഓഫീസിൽ സബ് രജിസ്ട്രാർ തസ്തികയിൽ ജോലി ചെയ്തു വരവെ, ആധാരമെഴുത്തുകാരിൽ നിന്നും കൈക്കൂലിയായി പണം, ഏജന്റായ രാഹുൽ എന്നയാൾ വഴി ശേഖരിച്ച്; Google Pay വഴിയും നേരിട്ടും കൈപ്പറ്റിയിരുന്നതായി വെളിവായിട്ടുണ്ട്. മേൽ പ്രസ്താവിച്ചതായ വസ്തുത ഒരു സർക്കാർ ഉദ്യോഗസ്ഥ എന്ന നിലയിൽ താങ്കളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ള ഗുരുതരമായ പെരുമാറ്റ ദൂഷ്യവും കൃത്യവിലോപവുമാണ്. ആയത് സർക്കാർ ഉദ്യോഗസ്ഥ എന്ന നിലയിൽ താങ്കളിൽ നിന്നും ഉണ്ടാകേണ്ടിയിരുന്ന അർപ്പണ ബോധത്തിനും സത്യസന്ധതയ്ക്കും സംഭവിച്ചിട്ടുള്ള പരാജയവും വീഴ്ചയുമായി കാണപ്പെടുന്നു.*

7. കുറ്റപത്രത്തിനെതിരെ കുറ്റാരോപിത സമർപ്പിച്ച എതിർവാദ പത്രിക പരാമർശം (6) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

8. <u>കുറ്റാരോപിതയുടെ വിശദീകരണം.</u>

*കുറ്റാരോപിതയുമായി സാമ്പത്തിക ഇടപാട് നടത്തിയ ശ്രീ രാഹുൽദാസ് എന്നയാൾ സബ് രജിസ്ട്രാറുടെ സ്വകാര്യ ഡ്രൈവറായി ജോലി ചെയ്തു വരുന്നയാളാണെന്നും ടിയാന് കടമായി നൽകിയ പണം ടിയാൻ പലപ്പോഴായി തിരികെ നല്കിയതാണെന്നും ഏകദേശം 1,19,485/- രൂപ നൽകിയെന്നും എന്നാൽ ടിയാൾ തനിക്ക് മേൽ കാലയളവിൽ മടക്കി നൽകിയത് 1,18,000/- രൂപയാണെന്നും ടിയാനുമായി സാമ്പത്തിക ഇടപാടുകളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് കുറ്റാരോപിത വിശദീകരിച്ചിട്ടുണ്ട്. കുറ്റാരോപണ പത്രികയിലെ ഖണ്ഡിക 2 ൽ പരാമർശിക്കുന്ന ശ്രീ. ശങ്കരനാരായണൻ എന്ന ആധാരമെഴുത്ത്കാരന്റെ പേരിലുള്ള അക്കൗണ്ടിൽ നിന്നും തന്റെ അക്കൗണ്ടിലേയ്ക്ക് വന്ന 2000 രൂപ, 400 രൂപ എന്നീ തുകകൾ ഔദ്യോഗിക ആവശ്യവുമായി ബന്ധപ്പെട്ടതും 1500 രൂപ മരുന്നുവാങ്ങാൻ നൽകിയ തുകയുടെ ബാക്കി നൽകിയതുമാണെന്നും ബോധിപ്പിച്ചിരിക്കുന്നു. നിയമപരമായി രജിസ്റ്റർ ചെയ്യുവാൻ സാധിക്കാത്ത ആധാരം രജിസ്റ്റർ ചെയ്ത് കിട്ടുന്നതിനായി ഓഫീസിൽ പരസ്യമായി പ്രശ്നം ഉണ്ടാക്കുകയും ഇത്തരത്തിൽ ആധാരത്തിൽ വ്യാജ വിവരങ്ങൾ ചേർത്ത് വസ്തു കൂടിയ വിലക്ക് ആധാരം നടത്തുകയും, ബാക്കി വസ്തു, വഴിയില്ല എന്ന് അതിരുകൾ കാണിച്ച് രണ്ടാമതായി ചെയ്യും വിദഗ്ധമായി ആധാരം നടത്തി നികുതി വെട്ടിപ്പ് നടത്താനും ശ്രമിച്ച ശ്രീ. ഉസ്മാൻ എന്നയാളുടെ ശ്രമം തടഞ്ഞതിനാണ് ടിയാൻ പരാതി നല്കിയതെന്നും ടിയാൾ ബോധിപ്പിച്ചിരിക്കുന്നു.*

9. കുറ്റാരോപിതയുടെ വാദഗതികളുടെ കൂടി അടിസ്ഥാനത്തിൽ സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. കുറ്റാരോപിതയ്ക്കെതിരെ മുൻപും കൈക്കൂലി ആരോപണം ഉണ്ടായിട്ടുള്ളതും മാത്രമല്ല അനധികൃത പണം കണ്ടെത്തിയതിനു മറ്റൊരു പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ട്രിബ്യൂണൽ അന്വേഷണത്തിന് നടപടി

സ്വീകരിച്ചതും വകുപ്പുതലത്തിലും മുൻപ് ശിക്ഷ നടപടി ലഭിച്ചിരുന്നതും കണക്കിലെടുക്കുമ്പോൾ നിലവിലെ സാഹചര്യത്തിൽ ശ്രീമതി. സാലിഹ.എസ് സമർപ്പിച്ച വിശദീകരണം പൂർണമായും അംഗീകരിച്ചുകൊണ്ടു നടപടി അവസാനിപ്പിക്കുവാനാകില്ലെന്നും അച്ചടക്ക നടപടിയിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനു മുൻപ് ബാങ്ക് സ്റ്റേറ്റ്മെന്റിലെ സംശയാസ്പദമായ ഇടപാടുകൾ സംബന്ധിച്ച് കുറ്റാരോപിതയെയും ഇതിലെ സാക്ഷികളെയും അന്വേഷണ ഉദ്യോഗസ്ഥരെയും കേട്ട് വിശദമായി പരിശോധിക്കേണ്ടതുള്ളതിനാൽ വിജിലൻസ് ട്രിബൂണൽ മുഖേന ഔപചാരിക അന്വേഷണം അനിവാര്യമാണെന്നും കാണുന്നു.

10. കുറ്റാരോപിത സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദഗതികൾ അവർക്കെതിരെ ചുമത്തിയ കുറ്റം ഖണ്ഡിക്കുന്നതിന് പര്യാപ്തമല്ല. തന്നെ നേരിൽ കേൾക്കണമെന്ന് കുറ്റാരോപിത താല്പര്യപ്പെട്ടിട്ടുമില്ല. മേൽ സാഹചര്യത്തിൽ, സബ് രജിസ്ട്രാർ ശ്രീമതി സാലിഹയ്ക്കെതിരായ അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി ഔപചാരികാന്വേഷണം നടത്തുന്നതിന് കേരള സിവിൽ സർവീസസ്(വിജിലൻസ് ട്രിബ്യൂണൽ) റൂൾസ് 1960 പ്രകാരം കോഴിക്കോട് വിജിലൻസ് ട്രിബ്യൂണലിനെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

11. കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണലിൽ സർക്കാരിന് വേണ്ടി കേസ് നടത്തുന്നതിനായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ബന്ധപ്പെട്ട പബ്ലിക് പ്രോസിക്യൂട്ടറെ ചുമതലപ്പെടുത്തുന്നു.

12. ടി കേസ് സംബന്ധിച്ച വസ്തുതകൾ വിജിലൻസ് ട്രൈബ്യൂണൽ മുമ്പാകെ കാര്യക്ഷമമായി അവതരിപ്പിക്കുന്നതിനുവേണ്ട സഹായങ്ങൾ പബ്ലിക് പ്രോസിക്യൂട്ടർക്ക് വിജിലൻസ് ഡയറക്ടർ/രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്യാം ടി കെ
ജോയിന്റ് സെക്രട്ടറി

1.വിജിലൻസ് ട്രൈബ്യൂണൽ, കോഴിക്കോട് (ഇതോടൊപ്പം ചേർത്തിട്ടുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള രേഖകൾ സഹിതം. )
2. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ , തിരുവനന്തപുരം.
3.ശ്രീമതി. എസ്. സാലിഹ, PEN-386312,, സബ് രജിസ്ട്രാർ, W/o നൗഷാദ്, കൊള്ളിക്കതറയിൽ വീട് RPC P.O., മുണ്ടക്കയം (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖാന്തരം)
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ,തിരുവനന്തപുരം.
5.ബന്ധപ്പെട്ട പബ്ലിക് പ്രോസിക്യൂട്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ.
6. നികുതി വകുപ്പ് ( 25/09/2025-ലെ ഇ2/9/2023-നികുതി നമ്പർ അനൗ. കുറിപ്പ്)
7. വെബ് & ന്യൂ-മീഡിയ
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Mini T B
Date: 03-01-2026 17:21:13

പകർപ്പ്:-ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേർസണൽ സെക്രട്ടറിക്ക്